(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട്സഹിതം)

നം.കെ.എസ്.എ.ഐ.ഡി.കെ.-9/1228/18.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

ഇടുക്കി, തൊടുപുഴ

*ഇ-മെയിൽ : doidk.ksad@kerala.gov.in*

തീയതി. 16.11.2018

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്

(സെക്രട്ടറി മുഖേന)

ഇരട്ടയാർ ഗ്രാമപഞ്ചായത്ത്

സർ

വിഷയം :- ഇരട്ടയാർ ഗ്രാമപഞ്ചായത്ത് - 2017-18 - സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരളാ പഞ്ചായത്തരാജ് നിയമം, വകുപ്പ്, 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇരട്ടയാർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായിട്ടുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)-ൽ നിർദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.
ഈ റിപ്പേർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ് (കേരളാ പഞ്ചായത്ത് രാജ് –പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).
റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേയ്ക്ക് അയച്ചുതരേണ്ടതുമാണ് (ലോക്കൽഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ (15)1, ചട്ടം 20, 23. 1997-ലെ കേരളാ പഞ്ചായത്ത് രാജ്– പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1), (2) എന്നിവ കാണുക) .

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :-
1. ഡയറക്ടർ കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ് (ഉപരിപത്രം സഹിതം).
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി, തൊടുപുഴ.
3. കാര്യാലയ പ്രതി.

നം.കെ.എസ്.എ.ഐ.ഡി.കെ.9/1228/18. തീയതി. 16.11.2018

# ഇടുക്കി ജില്ലയിലെ ഇരട്ടയാർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

******************

ഇടുക്കി ജില്ലയിലെ ഇരട്ടയാർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 22.06.2017 മുതൽ 07.10.2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 7 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി. സിനി എം. വി, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 08.10.18 മുതൽ 17.10.2018 |

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. ധനജയൻ റ്റി. എസ്. | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. സണ്ണി എം. യു. | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ. അഭിലാഷ് എം. കെ. | സീനി. ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി. അനിറ്റ പി. സാമുവൽ | സീനി. ഗ്രേഡ് ഓഡിറ്റർ |

ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. ആനിയമ്മ ജോസഫ് | 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീ. കെ.രാജു. | 01.04.2017 മുതൽ 31.07.2017 വരെ |

| | | |
|---|---|---|
| | | |
| | ശ്രീ. കെ. എസ്. രാജീവ് | 01.08.2017 മുതൽ 31.03.2018 വരെ |

മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| വി.ഇ.ഒ. | ശ്രീമതി. റീനാമോൾ ചാക്കോ | 01.04.2017 മുതൽ 04.07.2017 വരെ |
| | ശ്രീമതി. വി. ടി. ഷീജ | 05.07.2017 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ശ്രീമതി. ടി. ജി. ലക്ഷ്മി | 01.04.2017 മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ. എസ്. വി. സജിന | 01.04.2017 മുതൽ 31.03.2018 വരെ |
| അസി. എഞ്ചിനീയർ | ശ്രീമതി. ശ്രീന എസ്. | 01.04.2017 മുതൽ 31.03.2018 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. പ്രീത പീറ്റർ | 01.04.2017 മുതൽ 30.10.2017 വരെ |
| | ശ്രീ. രതീഷ് കുമാർ ടി. | 31.10.2017 മുതൽ 31.03.2018 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി. കെ. എൻ.മിനിമോൾ | 01.04.2017 മുതൽ 31.03.2018 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീമതി. ടെസ്സി | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | ഡോ. ശ്രീപ്രീയ ജെ. | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽഓഫീസർ(ആയുർവ്വേദം) | ഡോ. ജിനേഷ് ജെ. മേനോൻ | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | ഡോ. ബിന്ദു | 01.04.2017 മുതൽ 31.03.2018 വരെ |

ഉള്ളടക്കം

| ക്രമ നം. | ഖണ്ഡിക നം | പരാമർശ വിഷയം |
|---|---|---|
| | | ഭാഗം 1 – പൊതു അവലോകനം |

| | | |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യ പത്രിക |
| 3 | 1-3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം |
| 7 | 1-7 | തൊഴിലുറപ്പ് പദ്ധതി |
| 8 | 1-8 | ക്ഷേമപദ്ധതികൾ |
| 9 | 1-9 | ക്യാഷ് പരിശോധന |
| 10 | 1-10 | ആഭ്യന്തര നിയന്ത്രണം |
| 11 | 1-11 | മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം |
| 12 | 1-12 | വാർഷികകണക്കുകളിലെ അപാകതകൾ |
| | | ഭാഗം 2 - വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ |
| 13 | 2-1 | ഡി. & ഒ. ഈടാക്കിയതിൽ കുറവ് നഷ്ടം ₹500/- |
| 14 | 2-2 | ലേലം - അപാകതകൾ |
| 15 | 2-3 | പി.എച്ച്.സി. കോമ്പൗണ്ടിലെ തടി ലേലം ചെയ്തില്ല |
| | | ഭാഗം 3 - ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ |

| | | |
|---|---|---|
| 16 | 3-1 | വിവിധ റോഡ് പ്രവൃത്തികൾ – ടെണ്ടർ കിഴിവ് വരുത്തിയില്ല – നഷ്ടം ₹5,437/- |
| 17 | 3-2 | പട്ടികജാതി/വർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ, സൈക്കിൾ വിതരണം – രേഖകൾ ഹാജരാക്കാതെ ആനുകൂല്യം നല്കി |
| 18 | 3-3 | മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി തുക ചെലവഴിച്ചത് |
| 19 | 3-4 | അസിസ്റ്റന്റ് എൻജിനിയറുടെ പേരിലുള്ള കറണ്ട് അക്കൗണ്ട് – നീക്കിയിരിപ്പ് തുകയുടെ വിശദാംശങ്ങൾ ലഭ്യമല്ല |
| 20 | 3-5 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - പദ്ധതി പൂർത്തീകരിച്ചിട്ടില്ല - ₹90,000/-യുടെ ചെലവ് തടസ്സം – ബാക്കി തുക ₹1,00,000/- തിരിച്ചടച്ചിട്ടില്ല |
| 21 | 3-6 | വിവിധ ഭവനപുനരുദ്ധാരണ പദ്ധതികൾ - തുച്ഛമായ ധനസഹായതുക മാത്രം നൽകുന്നു |
| 22 | 3-7 | പദ്ധതി രൂപീകരണവും മോണിട്ടറിംഗും - പ്രിന്റിംഗ് ജോലികൾ ടെണ്ടർ നടപടികളിലൂടെയല്ലാതെ നടത്തിയിരിക്കുന്നു |
| 23 | 3-8 | ഭിന്നശേഷിക്കാർക്കായുള്ള സ്കോളർഷിപ്പ് - ആവശ്യമായ തുക വകയിരുത്തുന്നില്ല |
| | | ഭാഗം 4 – പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 24 | 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 25 | 4-2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരം |
| 26 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |

| | | |
|---|---|---|
| 27 | 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 27 | 4-5 | സ്ഥിരനിക്ഷേപം |
| 29 | 4-6 | ഓഡിറ്റ് റിക്കവറി |
| 30 | 4-7 | സമാഹൃത ഓഡിറ്റ് |
| 31 | 4-8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം |
| 32 | 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 33 | 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| | | അനുബന്ധങ്ങൾ |
| 34 | അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 35 | അനുബന്ധം-2 | റസീറ്റ് ആന്റ് പേമെന്റ് |
| | | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ |
| | | ബാലൻസ് ഷീറ്റ് |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

27.03.2017ലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകതപരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകതപരിഹരിച്ച് തിരിച്ചയച്ച തീയതി |
|---|---|---|---|
| 31.07.2018 | 05.06.2018 | - | - |

പഞ്ചായത്ത് കമ്മറ്റിയുടെ 14.04.2018 ലെ (4) നമ്പർ തീരുമാന പ്രകാരം വാർഷിക കണക്ക് അംഗീകരിച്ചു.

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

കെ.എസ്.എ.ഐ.ഡി.കെ.-3/677/2018(28), തീയതി : 29.08.2018.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരുപ്പ് | ₹1,36,41,310 |
| വരവ് | ₹6,00,80,203 |
| ആകെ | ₹7,37,21,513 |
| ചെലവ് | ₹6,00,81,983 |
| നീക്കിയിരുപ്പ് | ₹1,36,39,530 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 12972000 | 12972000 | 12645386 | 326614 | 97.48 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 1946811 | 1946811 | 1556536 | 390275 | 79.95 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 137944 | 137944 | 101290 | 36654 | 73 |
| മെയിന്റനൻസ്-റോഡ് (ACR പ്രകാരം) | | 9653000 | 9653000 | 9576674 | 76326 | 99 |
| മെയിന്റനൻസ്-നോൺ-റോഡ് (ACR പ്രകാരം) | | 3444000 | 3444000 | 3310937 | 133063 | 96 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 6091564 | 6091564 | 5746736 | 344828 | 94 |

| | | | | | | | |
|---|---|---|---|---|---|---|---|
| കെ.എൽ.എസ്. ജി.ഡി.പി (ACR പ്രകാരം) | | | 3076239 | 3076239 | 3076239 | 0 | 100 |
| സാക്ഷരത | | 2350 | 94 | 2444 | 0 | 2444 | 0 |
| ദുരിതാശ്വാസനിധി | | 0 | 0 | 0 | 0 | 0 | |
| മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി. | തൊഴിലാളി കളുടെ കൂലി | 0 | 37805062 | 37805062 | 37805062 | 0 | 100 |
| | അഡ്മിനി സ്ട്രേറ്റീവ് ചെലവ് | 4460 | 1613267 | 1617727 | 1606269 | 11458 | 99.29 |
| മറ്റ് കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | സമ്പൂർണ്ണ ശുചിത്വം | 0 | 2345900 | 2345900 | 1204700 | 1141200 | 51.35 |
| | ഐ.സി.ഡി. എസ് | 141390 | 613984 | 755374 | 151140 | 604234 | 20.00 |
| സംസ്ഥാനാ വിഷ്കൃത ഫണ്ടുകൾ | ശുചിത്വമിഷൻ | 995962 | 70000 | 1065962 | 0 | 1065962 | 0 |
| | മറ്റ് ഗ്രാന്റുകൾ | 24761 | 407100 | 431861 | 203550 | 228311 | 47.13 |
| | കേരളോത്സവം | 0 | 15000 | 15000 | 15000 | 0 | 100 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 60000 | 2505000 | 3105000 | 2335000 | 770000 | 75 |
| | ജില്ലാ പഞ്ചായത്ത് | | 1280000 | 1280000 | 1270167 | 9833 | 99 |
| ബി-ഫണ്ട് | | | 24556980 | 24556980 | 24556980 | 0 | 100 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | | 6946000 | 6946000 | 6946000 | 0 | |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട്. (എസ്.സി.ബി. ശാന്തിഗ്രാം., എസ്.ബി.ഐ. ഇട്ടക്കിക്കവല, യു.ബി.ഐ. ഈട്ടിത്തോപ്പ്) | 7219561 | 6081099 | 13300660 | 4233502 | 9067158 | |
| | ട്രഷറി അക്കൗണ്ട് | 3708472 | 6946000 | 10654472 | 10607542 | 51930 | |
| | കയ്യിരുപ്പ് പണം | 234304 | 0 | 234304 | 234304 | 0 | |

| | | | | | | |
|---|---|---|---|---|---|---|
| മറ്റിനം – നബാർഡ് | 687000 | 0 | 687000 | 0 | 687000 | 0 |

ട്രഷറി അക്കൌണ്ടിൽ നിന്നുള്ള ചെലവ് ₹1,06,02,542/-യിൽ സർക്കാർ നേരിട്ട് പിടിച്ച ₹3,15,424/-യും ഉൾപ്പെടുന്നു. പ്രസ്തുത തുക 07.04.2018ൽ തിരികെ ലഭിക്കുകയും ചെയ്തിട്ടുണ്ട്.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 202 | 69329793 | 145 | 40402050 | 53 | 4 | 58.27 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| ഭരണ ചെലവ് | 4460 | 1613267 | 1617727 | 1606269 | 11458 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 37805062 | 37805062 | 37805062 | 0 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വിധവാ പെൻഷൻ | 5786200 | 499 |
| വാർദ്ധിക്യകാല പെൻഷൻ | 15240100 | 1244 |
| വികലാംഗ പെൻഷൻ | 3135800 | 283 |
| അവിവാഹിത പെൻഷൻ | 191800 | 16 |

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 11280 | 26 |
| കർഷക തൊഴിലാളി പെൻഷൻ | 1956100 | 106 |

## 1-9 ക്യാഷ് പരിശോധന.

1994ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.10.2018ന് 4.25 പി.എം.ന് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹8,499/-യുടെ ക്യാഷ് ബാലൻസ് ബോദ്ധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

അക്കൌണ്ടിംഗ് സിസ്റ്റം - അപാകതകളോട്ടുകൂടിയതാണ്. വാർഷിക കണക്കിൽ പഞ്ചായത്തിന്റെ ശരിയായ വരവ്-ചെലവുകൾ പ്രതഫലിക്കുന്നില്ല. വിശദാംശങ്ങൾ ഖണ്ഡിക 1-12ൽ ഉൾപ്പെടുത്തിയിരിക്കുന്നു. കാഷ് കൈകാര്യം ചെയ്യുന്നത് വേണ്ടത്ര അവധാനതയോടെയല്ല. കളക്ട് ചെയ്യുന്ന തുകകൾ യഥാസമയം രസീതാക്കാതെ തന്നെ ഒടുക്കുന്നതായും ഭാഗികമായി ഒടുക്കുന്നതായും കാണുന്നു. കമ്പ്യൂട്ടറുകൾക്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ടെണ്ടർ നടപടികളിലൂടെ നടപ്പാക്കേണ്ട വാങ്ങൽ നടപടികൾ ക്വട്ടേഷൻ മുഖേന നടപ്പാക്കുന്നതായി കാണുന്നു. പ്രവർത്തികൾ ശരിയായ രീതിയിൽ അളവ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ട്. സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടെങ്കിലും കൈപ്പറ്റുന്ന ആളുടെ വിവരം രേഖപ്പെടുത്തുന്നില്ല. സെക്രട്ടറി സാക്ഷ്യപ്പെടുത്തൽ നടത്തുന്നില്ല.

## 1-11 മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 09/2018 | 8/2018 | 19/09/2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03/06/2009 മുതൽ 16/06/2009 വരെ | 2004-05 മുതൽ 2009-10 വരെ | 17/07/2009 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

| | |
|---|---|
| 1. | വാട്ടർ വെയ്സ് എന്ന ഹെഡിൽ അസറ്റ് ഇല്ലാതെ B-11 ഷെഡ്യൂളിൽ ഡിപ്രിസിയേഷൻ നൽകിയിരിക്കുന്നു. |
| 2. | RP-7 ഷെഡ്യൂളിൽ ₹11,00,000/- ബ്ലോക്ക്പഞ്ചായത്തിൽ നിന്നുള്ള വരവായി കാണിച്ചിരിക്കുന്നത് സർക്കാരിൽ നിന്നും ലഭിച്ച് ജനറൽ പർപ്പസ് ഗ്രാന്റാണ്. |

| | |
|---|---|
| 3. | ജില്ലാപഞ്ചായത്തിൽ നിന്നും ലഭിച്ച തുകയുടെ നീക്കിയിരിപ്പായിട്ടുള്ള ₹9,833/- ബാലൻസ് ഷീറ്റിലെ B-4 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ല. |
| 4. | സാക്ഷരത ഇനത്തിലുള്ള നീക്കിയിരിപ്പ് തുക ₹2,444/-ന് പകരം പലിശ ഇനത്തിലുള്ള വരവ് ₹94/- മാത്രമാണ് ബാലൻസ് ഷീറ്റിലെ B-4 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. |
| 5. | ബ്ലോക്ക്പഞ്ചായത്തിൽ നിന്നുള്ള വരവായി RP-31 ഷെഡ്യൂളിൽ കാണിച്ചിരിക്കുന്ന തുക ₹16,80,000/-യുടെ കൃത്യത ലെഡ്ജറുമായി പൊരുത്തപ്പെടുന്നില്ല. |
| 6. | ആർജ്ജിച്ച ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. |
| 7. | വസ്തുനികുതിയുടെ ഡി.സി.ബി തയ്യാറാക്കിയിട്ടില്ല. |
| 8. | ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി പരിപാലിക്കാത്തതിനാൽ ധനകാര്യ പത്രികയിലെ തുകയുടെ കൃത്യത വ്യക്തമല്ല. |
| 9. | വാടക – ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകയും രജിസ്റ്ററിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല. |
| 10. | വസ്തു നികുതി - കുടിശിക ഉൾപ്പെടെയുള്ള ഡിമാന്റ് ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകയും സഞ്ചയ സോഫ്റ്റ് വെയറിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല. |
| 11. | ട്രഷറി അക്കൌണ്ടിൽ നിന്നും 31.03.2018ന് ₹31,54,214/- സർക്കാർ സഞ്ചിത നിധിയിലേക്ക് മാറ്റിയിരുന്നു. 2017-18 വാർഷിക കണക്കിൽ ₹4,31,60,199/-ന് പകരം 256100199 ഹെഡിലാണ് കാണിച്ചിട്ടുള്ളത്. ബാലൻസ് ഷീറ്റ് ബി-15ൽ തുക വരാതിരിക്കുകയും പഞ്ചായത്ത് കുറവായും കാണിക്കുന്നു. |

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി. & ഒ. ഈടാക്കിയതിൽ കുറവ് നഷ്ടം ₹500/-

ശ്രീ. ടോമിച്ചൻ ജോൺ മരങ്ങാട്ടത്ത് (ക്രമ നം : 149) എന്ന വ്യക്തി മലഞ്ചരക്ക് വ്യാപാരത്തിന് ലൈസൻസ് എടുത്തിട്ടുണ്ട്. അപേക്ഷ പ്രകാരം സ്ഥാപനത്തിന്റെ പ്രതിദിന വിറ്റ് വരവ് ₹40,000/- ആണ്. പ്രതിദിന വിറ്റ് വരവ് ₹25,000/- മുതൽ ₹50,000/- വരെയുള്ള സ്ഥാപനങ്ങളുടെ ഒരു വർഷത്തേക്കുള്ള ലൈസൻസ് ഫീസായി ₹1,000/-ഈടാക്കേണ്ടതാണെന്ന് കേരളാ പഞ്ചായത്ത് രാജ് നിയമപ്രകാരം നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും ₹500/- (രസീത് നം 10102989/തീ. 26.03.2018) മാത്രമാണ് ഈടാക്കിയിട്ടുള്ളത്. നഷ്ട തുക തിരികെ ഈടാക്കേണ്ടതാണ്. കുറവ് വന്ന തുക സ്ഥാപന ഉടമയിൽ നിന്നും ഈടാക്കാത്തപക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

## 2-2 ലേലം-അപാകതകൾ

തൻവർഷം ചില ഇനങ്ങളിൽ ലേലം കൊണ്ട വ്യക്തികളിൽ നിന്നും ലേല തുക പൂർണ്ണമായും ഈടാക്കിയിട്ടില്ല.

വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ലേല ഇനം | ലേലം കൊണ്ട വ്യക്തി | ലേല തുക ₹ | ലേലതുക ഇനത്തിൽ ഈടാക്കിയ തുക ₹ | രസീത് നം. & തീയതി | കുറവ് |
|---|---|---|---|---|---|---|
| 1 | തെങ്ങിലെ ആദായം എടുക്കൽ | ശ്രീ. എൻ. റ്റി. വിനോദ് നരിക്കുഴിയിൽ | 4000 | 2000 | 102951 തീ. 31.03.2017 | 250 |
| | | | | 1750 | 102691 തീ. 12.03.2018 | |
| 2 | ഈട്ടിത്തോപ്പ് മാർക്കറ്റ് വക സ്ഥലം | ശ്രീ. സണ്ണി കണിയാം പറമ്പിൽ | 800 | 500 | 100091 തീ. 19.04.2017 | 300 |
| 3 | ഉപയോഗശൂന്യമായ വാർക്ക കമ്പികൾ | ശ്രീ. സെബാസ്റ്റ്യൻ വേമ്പഴശ്ശേരിൽ | 800 | 600 | 100536 തീ.17.07.2017 | 200 |
| ആകെ | | | | | | 750 |

ലേലമിനത്തിൽ ലഭ്യമാകേണ്ട തുക ₹750/- ലേലക്കാരിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-3 പി.എച്ച്.സി. - കോമ്പൗണ്ടിലെ തടി ലേലം ചെയ്തില്ല

പി.എച്ച്.സി വക സ്ഥലത്ത് തർക്കം മൂലം മുറിച്ചിട്ടിരിക്കുന്ന പ്ലാവിൻ തടികൾ ലേലം ചെയ്ത് നൽകുന്നതിന് 18.04.2017ൽ നിശ്ചയിച്ചിരുന്നു. എന്നാൽ ലേലത്തിന് ആരും ഹാജരാകാത്തതിനാൽ പ്രസ്തുത ദിവസമോ പിന്നീടോ ലേലം നടന്നിട്ടില്ല എന്നും രജിസ്റ്റർ പ്രകാരം കാണുന്നു. സ്ഥലം സന്ദർശിച്ചപ്പോൾ തടി കിടക്കുന്ന ഭാഗത്തേക്ക് പോകുവാനോ, കാണുവാനോ സാധിക്കാത്ത വിധം മുൾച്ചെടികൾ നിറഞ്ഞ അവസ്ഥയിലാണ്. പ്രസ്തുത തടി നശിച്ച് പോകാതെ എത്രയും പെട്ടെന്ന് ലേലം ചെയ്ത് തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്. പഞ്ചായത്ത് കമ്മിറ്റി ഇക്കാര്യത്തിൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കുരിശുമല - തോണക്കരപടി റോഡ് പ്രവൃത്തികൾ-ടെണ്ടർ കിഴിവ് വരുത്തിയില്ല - നഷ്ടം ₹3,254/-

കുരിശുമല-തോണക്കരപടി റോഡ് ടാറിംഗ് പ്രവൃത്തിയുടെ അന്തിമ ബില്ലുകളിൽ നിന്നും ക്വോട്ട് ചെയ്ത നിരക്കിലുള്ള ടെണ്ടർ കിഴിവ് വരുത്താത്തതിനാൽ ₹3,254/- യുടെ നഷ്ടമുണ്ടായിട്ടുണ്ട്.

1. കുരിശുമല തോണക്കര പടി റോഡ് ടാറിംഗ്

| | |
|---|---|
| പ്രോജക്ട് നം. | 166/18 |
| അടങ്കൽ തുക | ₹4,00,000/- |
| കോൺട്രാക്ടർ | കെ. എ. ചെറിയാൻ |
| അളവു ബുക്ക് | 219 |
| ബിൽ നം./തീയതി | 67/21.03.2018 |
| പിൻവലിച്ച തുക | ₹3,61,122/- |

പ്രസ്തുത റോഡ് പ്രവൃത്തി 1% ടെണ്ടർ കിഴിവിലാണ് കരാറുകാരൻ ഏറ്റെടുത്തിരുന്നതെങ്കിലും ബില്ലിൽ നിന്നും കുറവ് ചെയ്തിട്ടുള്ളത് 0.1% നിരക്കിലുള്ള തുകയാണ്.

വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| അനുവദിച്ച തുക ₹ | | അനുവദിക്കാവുന്ന തുക ₹ | |
|---|---|---|---|
| ആകെ പ്രവൃത്തി മൂല്യം | 361483 | ആകെ പ്രവൃത്തി മൂല്യം | 361483 |
| (-)ടെണ്ടർ കിഴിവ് 0.1% | 361 | (-)ടെണ്ടർ കിഴിവ് 1% | 3615 |
| ആകെ | 361122 | | 357868 |
| (-)IT | 3611 | (-)IT | 3579 |
| (-)KCWWF | 3611 | (-)KCWWF | 3579 |
| കരാറുകാരന് നൽകിയ തുക | 353900 | കരാറുകാരന് നൽകാവുന്ന തുക | 350710 |

അധികം നൽകിയ തുക = ₹361122-₹357868=₹3,254/-
അധികം നൽകിയ ₹3,254/- ഉത്തരവാദിയായ അസി. എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 പട്ടികജാതി/വർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ, സൈക്കിൾ വിതരണം-രേഖകൾ ഹാജരാക്കാതെ ആനുകൂല്യം നല്കി

2017-18 വർഷം ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പദ്ധതികളിൽ ആനുകൂല്യം കൈപ്പറ്റിയ വിദ്യാർത്ഥികൾക്ക് അവർ പ്രസ്തുത ആനുകൂല്യത്തിന് അർഹമായ വിഭാഗത്തിൽപ്പെട്ടവരാണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, പട്ടികജാതി/പട്ടികവർഗ്ഗവകുപ്പിൽ നിന്ന് മുമ്പ് ഈ ആനുകൂല്യം നൽകിയിട്ടില്ല എന്നുള്ള സാക്ഷ്യപത്രം ഇവ ലഭ്യമാക്കാതെ സ്കൂൾ സർട്ടിഫിക്കറ്റിന്റെ മാത്രം അടിസ്ഥാനത്തിലാണ് ആനുകൂല്യം നല്കിയത്.

വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പദ്ധതി/നം. | ബിൽ നം./തീയതി/തുക ₹ |
|---|---|
| S0019/18 പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശ, കസേര വിതരണം | 4/18തീ.12.02.18 തുക ₹99,500/- |
| S0020/18 പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ | 2/18തീ.25.01.18 തുക ₹71,120/- |
| S0026/18 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സൈക്കിൾ | 3/18തീ.25.01.18 തുക ₹13,290/- |

ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനിറ്റ്സ്ബുക്ക് പരിശോധിച്ചതിൽ 22-5-2017/1 നമ്പർ തീരുമാനപ്രകാരം പദ്ധതികൾക്ക് ഭരണാനുമതിക്ക് ശുപാർശ ചെയ്തിട്ടുണ്ടെങ്കിലും തുടർ മോണിറ്ററിംഗ് നടത്തിയിട്ടില്ല. പദ്ധതി നടത്തിപ്പ് കുറ്റമറ്റതാക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-3 മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി തുക ചെലവഴിച്ചത്

2017-18 വർഷം മെഡിക്കൽ ഓഫീസർ പി.എച്ച്.സി.നിർവ്വഹണം നടത്തിയ താഴെ പറയുന്ന പദ്ധതികൾക്കുവേണ്ടി ക്വട്ടേഷൻ ക്ഷണിക്കാതെ ഉപകരണങ്ങൾ നീതി മെഡിക്കൽ സ്റ്റോറിൽ നിന്നാണ് വാങ്ങിയിട്ടുള്ളത്.

വിശദാംശങ്ങൾ താഴെ.

| പദ്ധതി/നം | ബിൽ നം/തി/തുക | വാങ്ങിയ സാധനത്തിന്റെ വിശദാംശം |
|---|---|---|
| 95/18<br>പി.എച്ച്.സി.-ക്ക് പോർട്ടബിൾ ഓക്സിജൻ സിലിണ്ടർ കിറ്റ്, പ്രിന്റർ എന്നിവ വാങ്ങൽ | 6/17-18<br>തി.27-11-2017<br>₹17,235/- | നീതി മെഡിക്കൽസിൽ നിന്നും ഓക്സിജൻ സിലിണ്ടർ വാങ്ങി |
| 96/18<br>പി.എച്ച്.സി.-ക്ക് ട്രോളി, കട്ടിൽ, കിടക്ക എന്നിവ വാങ്ങുക | 4/17-18 തീ.27-11-2017<br>₹36,000/- | നീതി മെഡിക്കൽസിൽ നിന്നും കട്ടിൽ, ട്രോളി എന്നിവ വാങ്ങി |

ജി.ഒ.(ആർ.റ്റി)3299/2016/ത.സ്വ.ഭ.വ/02-12-2016 പ്രകാരം ടെണ്ടർ നടപടികൾ ഒഴിവാക്കി സാധനസാമഗ്രികൾ സർക്കാർ/അർദ്ധസർക്കാർ /ഗവൺമെന്റ് അംഗീകൃത ഏജൻസികൾ എന്നിവയിൽ നിന്ന് വാങ്ങുന്നത് ഈ സ്ഥാപനങ്ങൾ സ്വയം നിർമ്മിക്കുന്നത് മാത്രമായി പരിമിതിപ്പെടുത്തിയിട്ടുണ്ട്. അല്ലാത്തവ പരസ്യ ടെണ്ടർ മുഖേന വാങ്ങേണ്ടതാണ്. പദ്ധതി നടത്തിപ്പ് മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി നടപ്പാക്കിയതിനാൽ ₹53,235/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-4 അസി സ്റ്റന്റ് എൻജിനിയറുടെ പേരിലുള്ള കറണ്ട് അക്കൗണ്ട്-നീക്കിയിരുപ്പ് തുകയുടെ

<u>വിശദാംശങ്ങൾ ലഭ്യമല്ല</u>

ഇരട്ടയാർ, കാഞ്ചിയാർ ഗ്രാമപഞ്ചായത്തുകളിൽ നിന്നും പദ്ധതി പ്രവർത്തനങ്ങൾക്കായി ലഭിക്കുന്ന തനതു ഫണ്ടുകൾ കൈകാര്യം ചെയ്യുന്നതിനായി അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ എസ്.ബി.ഐ. കട്ടപ്പന ശാഖയിൽ 0000003655209431 നമ്പർ ആയി കറണ്ട് അക്കൗണ്ട് ആരംഭിച്ചിരുന്നു. പ്രസ്തുത അക്കൗണ്ടിലെ 18.02.2017ലെ നീക്കിയിരിപ്പ് തുക പൂജ്യം ആയിരുന്നു. എന്നാൽ 2017-18 വർഷത്തെ മുഴുവൻ പദ്ധതി ചെലവുകൾക്ക് ശേഷവും പ്രസ്തുത അക്കൗണ്ടിൽ ₹69,671/- നീക്കിയിരിപ്പായി അവശേഷിക്കുന്നുണ്ട്. അസി. എഞ്ചിനിയറുടെ പേരിലുള്ള കറണ്ട് അക്കൗണ്ടിൽ നീക്കിയിരിപ്പായി അവശേഷിക്കുന്ന തുകയുടെ വിശദാംശങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് അന്വേഷണം നൽകിയെങ്കിലും ആയത് ലഭ്യമാക്കിയില്ല. ആയതിൽ ഇരട്ടയാർ ഗ്രാമപഞ്ചായത്തിന്റെ തുക അവശേഷിക്കുന്നുണ്ടോ എന്ന് വ്യക്തമല്ല. ആയത് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 3-5 <u>പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി- പദ്ധതി പൂർത്തീകരിച്ചിട്ടില്ല- ₹90000/-യുടെ ചെലവ് തടസ്സം</u>

<u>അവശേഷിക്കുന്ന ബ്ലോക്ക് വിഹിതം – ₹1,00,000/- തിരിച്ചടച്ചിട്ടില്ല</u>

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഗ്രാമസേവകൻ |
| പദ്ധതി നം | 216 |
| പദ്ധതി | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി |
| അടങ്കൽ | ₹11,00,000/- (ബ്ലോക്ക്പഞ്ചായത്ത് വിഹിതം) |
| ചെലവ് തുക | ₹5,10,000/- |

കട്ടപ്പന ബ്ലോക്ക്പഞ്ചായത്ത് വിഹിതം ഉപയോഗിച്ച് പട്ടികജാതിയിൽ ഉൾപ്പെടുന്ന 11 വിദ്യാർത്ഥികൾക്ക് പഠനമുറി പണിയുന്നതിന് ₹1,00,000/- വീതം നൽകുന്നതിന് വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണിത്. തദ്ദേശ സ്വയംഭരണ സ്ഥാപനവുമായി കരാർ ചമച്ചിട്ടുള്ള താഴെ പരാമർശിക്കുന്ന ഗുണഭോക്താക്കളുടെ പഠനമുറി നിർമ്മാണ പദ്ധതി പൂർത്തീകരിച്ചിട്ടില്ല എന്ന് കാണുന്നു.

| ക്രമ നം. | ഗുണഭോക്താവ് | നൽകിയ തുക ₹ | ചെ. നം/തുക/തീയതി |
|---|---|---|---|
| 1 | ഗീതുമോൾ രാജൻ, കണിയാമറ്റത്തിൽ | - | തുക നൽകിയിട്ടില്ല |
| 2 | രശ്മി പി. ആർ., പെരുംപാറയിൽ | 30000 | 1620951<br>₹2,10,000/-<br>13.03.2018 |
| 3 | അലീന ശശിധരൻ, പത്തലിപ്ലാവിൽ | 30000 | 1620945 |

| | | | |
|---|---|---|---|
| 4 | ആതിരമോൾ സജി, പുളിപ്ര ഇല്ലം | 30000 | ₹1,80,000/-<br>23.02.2018 |
| ആകെ | | 90000 | |

മേൽ പരാമർശിച്ച ഗുണഭോക്താക്കളുടെ പഠനമുറി പൂർത്തീകരിക്കാത്തതിനാൽ ₹90,000/-യുടെ ചെലവ് തടസ്സം ചെയ്യുന്നു. പദ്ധതി പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

11 ഗുണഭോക്താക്കൾക്കുള്ള ധനസഹായ തുക ₹11,00,000/- ആണ് ബ്ലോക്ക്പഞ്ചായത്തിൽ നിന്നും ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടുള്ളത്. ഇതിൽ 10 ഗുണഭോക്താക്കൾ കരാർ വയ്ക്കുകയും 9 ഗുണഭോക്താക്കൾക്ക് തുക കൈമാറുകയും 6 ഗുണഭോക്താക്കളുടെ പഠനമുറി പൂർത്തിയാക്കുകയും ചെയ്തു. ഗ്രാമപഞ്ചായത്തിൽ യോഗ്യതയുള്ള ഗുണഭോക്താവിനെ കണ്ടെത്തുവാൻ സാധിക്കാത്തതിനാൽ 2018-19 വർഷം പ്രസ്തുത പദ്ധതിയില്ല. ഗ്രാമപഞ്ചായത്തിന്റെ കൈവശം അവശേഷിക്കുന്ന കരാർ ചമയ്ക്കാത്ത ഗുണഭോക്താവിന്റെ ധനസഹായതുക ₹1,00,000/- കട്ടപ്പന ബ്ലോക്ക്പഞ്ചായത്തിലേക്ക് തിരികെ അടവാക്കേണ്ടതാണ്.

## 3-6 വിവിധ ഭവനപുനരുദ്ധാരണ പദ്ധതികൾ- തുച്ഛമായ ധനസഹായതുക മാത്രം നൽകുന്നു

ഗ്രാമസേവകൻ നിർവ്വഹണ ഉദ്യോഗസ്ഥനായുള്ള വിവിധ ഭവന പുനരുദ്ധാരണ പദ്ധതികൾക്ക് വളരെ തുച്ഛമായ ധനസഹായ തുക മാത്രം വകയിരുത്തിയാണ് പദ്ധതികൾ വിഭാവനം ചെയ്യുന്നതെന്ന് കാണുന്നു.

| ക്രമ നം. | പദ്ധതി നം. & പദ്ധതി | ഒരു ഗുണഭോക്താവിന് വകയിരുത്തിയ തുക ₹ | തദ്ദേശസ്വയം ഭരണ വകുപ്പിന്റെ 03.04.17ലെ സ.ഉ(കൈ)8/2017 ഖണ്ഡിക 8.6 പ്രകാരം അനുവദനീയമായ തുക ₹ |
|---|---|---|---|
| 1 | 31<br>ഭവനപുനരുദ്ധാരണം (പൊതുവിഭാഗം) | 25000 | 100000 |
| 2 | 24<br>ഭവനപുനരുദ്ധാരണം (പട്ടികജാതി വിഭാഗം) | 60000 | 150000 |
| 3 | 183<br>ഭവനപുനരുദ്ധാരണം(പട്ടിക വർഗ്ഗ വിഭാഗം) | 50000 | 150000 |
| 4 | 25<br>വൃദ്ധർ | 25000 | 100000 |

ഭവന പുനരുദ്ധാരണ സാമഗ്രികൾക്ക് വില കൂടുതലുള്ള ഇപ്പോഴത്തെ സാഹചര്യത്തിൽ ഗുണഭോക്താക്കൾക്ക് ഏറെ പ്രയോജനം ലഭിക്കുന്ന രീതിയിൽ അനുവദനീയമായ ധനസഹായതുക ഉൾപ്പെടുത്തി കൂടുതൽ മെച്ചമായ തരത്തിൽ പദ്ധതി നടപ്പാക്കേണ്ടതാണ്.

## 3-7 പദ്ധതി രൂപീകരണവും മോണിട്ടറിംഗും - പ്രിന്റിംഗ് ജോലികൾ ടെണ്ടർ നടപടികളിലൂടെയല്ലാതെ നടത്തിയിരിക്കുന്നു

| | |
|---|---|
| പ്രോജക്ട് നം. | 8/18 |

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |

| ബിൽ നം. | തുക ₹ |
|---|---|
| 36/18 തീ. 24.03.2018 | 22,233 |
| 32/18 തീ. 23.03.2018 | 34,945 |
| 1/18 തീ. 10.07.2017 | 86,500 |
| ആകെ | 1,43,678 |

പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട പ്രിന്റിംഗ് ജോലികൾക്കായി തൻവർഷം ₹1,43,678/- ചെലവഴിച്ചിരിക്കുന്നു. ഒരുലക്ഷത്തിൽ അധികം അടങ്കൽ തുകയുള്ള സാധന സേവനങ്ങൾ സമാഹരിക്കുന്നതിന് മത്സരാധിഷ്ഠിത ടെണ്ടർ നടപടികളിലൂടെ നിർവ്വഹണം നടത്തുന്ന സ്ഥാപനത്തെ കണ്ടെത്തി ചുമതലപ്പെടുത്തണമെന്ന സ.ഉ(പി)നം.259/2010/തസ്വഭവ /തീയതി.08.11.2010ലെ നിർദ്ദേശം പാലിക്കാതെ പ്രിന്റ്കോസ്, കട്ടപ്പന എന്ന സ്ഥാപനത്തെ ക്വട്ടേഷൻ നടപടിയിലൂടെയാണ് ചുമതലപ്പെടുത്തി നിർവ്വഹണം നടത്തിയത്. യോഗ്യരായ സേവനദാതാക്കളെ കണ്ടെത്തുന്നതിനും മിതവ്യയത്തവും കാര്യക്ഷമതയും ഉറപ്പാക്കുന്നതിനും തെരഞ്ഞെടുപ്പ് പ്രക്രിയയിലെ സുതാര്യത ഉറപ്പാക്കുന്നതിനും ഇതുമൂലം കഴിയാതെ വന്നു. ഉത്തരവിലെ നിർദ്ദേശം പാലിക്കുന്നതിൽ വീഴ്ച വരുത്തിയതിനാൽ ഈ ഇനത്തിലെ ₹1,43,678/- ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-8 ഭിന്നശേഷിക്കാർക്കായുള്ള സ്കോളർഷിപ്പ്- ആവശ്യമായ തുക വകയിരുത്തുന്നില്ല

| | |
|---|---|
| നിർവ്വഹണം | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| പദ്ധതി | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് |

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 03.04.2017 ലെ സ.ഉ(കൈ)80/2017 ഉത്തരവിലെ ഖണ്ഡിക 10.3(എ)യിലെ നിർദ്ദേശപ്രകാരം അനുവദിക്കപ്പെട്ടത്ര തുക പദ്ധതിയിൽ ഉൾപ്പെടുത്താതെയാണ് അർഹതപ്പെട്ട വിദ്യാർത്ഥികൾക്ക് ധനസഹായം നൽകിയിട്ടുള്ളത് എന്ന് കാണുന്നു.

ഗുണഭോക്താക്കൾക്ക് നൽകിയ ധനസഹായ വിവരം താഴെ കൊടുക്കുന്നു.

പദ്ധതി നം : **13** പൊതുവിഭാഗം

| ക്രമ നം | ഗുണഭോക്താവ്/ വെല്ലുവിളി | ക്ലാസ്സ് & സ്കൂൾ | അനുവദിക്കപ്പെട്ട തുക ₹ | നല്കിയ തുക ₹ | കുറവ് |
|---|---|---|---|---|---|
| 1 | മഹി മുരളി | ആറാം ക്ലാസ്, | 500 x 12 +600 | 4500 | 2100 |

| | | | | | |
|---|---|---|---|---|---|
| | (ശാരീരിക വെല്ലുവിളി) | സെ.തോമസ് എച്ച്.എസ്. എസ് ഇരട്ടയാർ | = 6600 | | |
| 2 | അച്ചു പ്രസാദ് (ശാരീരിക വെല്ലുവിളി) | അഞ്ചാം ക്ലാസ്സ് സെന്റ് മേരീസ് എച്ച്.എച്ച്.എസ്, വാഴവര | 500X12+600 =6600 | 4500 | 2100 |
| 3 | ആഷ്ന ജേക്കബ് (ശാരീരിക വെല്ലുവിളി) | ഒമ്പതാം ക്ലാസ്സ് സെ.തോമസ് എച്ച്.എസ്. എസ് ഇരട്ടയാർ | 600X12+800 =8000 | 5400 | 2600 |
| 4 | ഏഞ്ചൽ എബ്രഹാം (ശാരീരിക വെല്ലുവിളി) | ഡിഗ്രി ഗവ കോളേജ്, കട്ടപ്പന | 800X12+1000 =10600 | 7200 | 3400 |
| 5 | വൈശാഖ് സന്തോഷ് (ശാരീരിക വെല്ലുവിളി) | പ്ലസ്-1 സെ.തോമസ് എച്ച്.എച്ച്.എസ് കട്ടപ്പന | 600X12+800 =8000 | 5400 | 2600 |
| 6 | ജൂബീന വർഗ്ഗീസ് (ശാരീരിക വെല്ലുവിളി) | ഡിഗ്രി ക്രൈസ്റ്റ് കോളേജ് കട്ടപ്പന | 800X12+1000 =10600 | 7200 | 3400 |
| 7 | മിനുമോൾ തോമസ് (ശാരീരിക വെല്ലുവിളി) | ഡിഗ്രി പാവനാത്മ കോളജ് മുരിക്കാശ്ശേരി | 800X12+1000 =10600 | 7200 | 3400 |
| 8 | ജോയൽ ജോബി (ശാരീരിക വെല്ലുവിളി) | നാലാം ക്ലാസ്സ് ജി.ഇ.എം ജി.എച്ച്.എസ് ശാന്തിഗിരി | 400X12+500 =5300 | 3600 | 1700 |
| 9 | ആദർശ് വിനോദ് (ശാരീരിക വെല്ലുവിളി) | അഞ്ചാം ക്ലാസ്സ് ജി.എച്ച്.എസ്.എസ് ചെമ്പകപ്പാറ | 500X12+600 =6600 | 4500 | 2100 |

| | | | | | |
|---|---|---|---|---|---|
| 10 | തേജസ് ജോൺ (ശാരീരിക വെല്ലുവിളി) | പ്ലസ്-2 സെ.തോമസ് എച്ച്.എസ്. എസ് ഇരട്ടയാർ | 600X12+800 =8000 | 5400 | 2600 |
| 11 | ആദിത്യൻ സനൽ (ശാരീരിക വെല്ലുവിളി) | നാലാം ക്ലാസ്സ് ജി.എൽ.പി.എസ് ഇടിഞ്ഞമല | 400X12+500 =5300 | 3600 | 1700 |
| 12 | അൻസു ജെയിംസ് (ശാരീരിക വെല്ലുവിളി) | പത്താം ക്ലാസ്സ് സെ.തോമസ് എച്ച്.എസ്. എസ് ഇരട്ടയാർ | 600X12+800 =8000 | 5400 | 2600 |
| 13 | സെബിൻ സിനോജ് (ശാരീരിക വെല്ലുവിളി) | അഞ്ചാം ക്ലാസ്സ് സെ.തോമസ് എച്ച്.എസ്. എസ് ഇരട്ടയാർ | 500X12+600 =6600 | 4500 | 2100 |
| 14 | വിഷ്ണു ഷിബു (ശാരീരിക വെല്ലുവിളി) | ഒമ്പതാം ക്ലാസ്സ് ജി.ഇ.എം ജി.എച്ച്.എസ് ശാന്തിഗിരി | 600X12+800 =8000 | 5400 | 2600 |
| 15 | മീനകുട്ടി വിശ്വംബരൻ (ശാരീരിക വെല്ലുവിളി) | എഞ്ചിനീയറിംഗ് ജി.ഡബ്ല്യു. പി.റ്റി.സി തിരുവനന്തപുരം | 1000X12+1500+1500 =15000 | 7000 | 8000 |
| 16 | അലൻ തങ്കച്ചൻ (ശാരീരിക വെല്ലുവിളി) | അഞ്ചാം ക്ലാസ്സ് ബ്ലൂ മൗണ്ട് ചെമ്പകപ്പാറ | 500X12+600 =6600 | 4500 | 2100 |
| 17 | റോജി റോയി (ശാരീരിക വെല്ലുവിളി) | ആറാം ക്ലാസ്സ് ബ്ലൂ മൗണ്ട് ചെമ്പകപ്പാറ | 500X12+600 =6600 | 4500 | 2100 |
| 18 | അനൈഡ എം.ബൈജു | യു.കെ.ജി | 400X12+500 =5300 | 3600 | 1700 |

| | | | | | |
|---|---|---|---|---|---|
| | (ശാരീരിക വെല്ലുവിളി) | എം.വി.എം പബ്ലിക് സ്കൂൾ നെറ്റിത്തൊഴു | | | |
| 19 | അലൻ ആന്റണി (ശാരീരിക വെല്ലുവിളി) | ഡിഗ്രി ദീപ്തി കോളേജ് കട്ടപ്പന | 800X12+1000 =10600 | 6400 | 4200 |
| 20 | റോഷിനി ഷാജി (ശാരീരിക വെല്ലുവിളി) | ആറാം ക്ലാസ്സ് ബ്ലൂ മൗണ്ട് ചെമ്പകപ്പാറ | 500X12+600 =6600 | 4500 | 2100 |
| 21 | മാനസിക വെല്ലുവിളി നേരിടുന്ന 23 കുട്ടികൾ | വിവിധ സ്കൂളുകൾ | 1000x12+ 1500+2000+1000X12+1000 =28500 26500X23=655500 | 5000X23 =115000 | 540500 |

<u>പദ്ധതി നം **: 151** പട്ടിക ജാതി വിഭാഗം</u>

| ക്രമ നം. | ഗുണഭോക്താവ്/ വെല്ലുവിളി | ക്ലാസ്സ് & സ്കൂൾ | അനുവദിക്കപ്പെട്ട തുക ₹ | നല്കിയ തുക₹ & വിവരണം | കുറവ് |
|---|---|---|---|---|---|
| 1 | അഖിൽ അർജ്ജുൻ (ശാരീരിക വെല്ലുവിളി) | പത്താം ക്ലാസ്, ജവഹർ വിദ്യാലയം, കുളമാവ് | 600x12+800 = 8000 | 3000 | 5000 |
| 2 | രാഹുൽ രാജു (മാനസിക വെല്ലുവിളി) | അസ്സീസ്സി സ്പെഷ്യൽ സ്കൂൾ, വെള്ളയാംകുടി | 1000x12+ 1500+2000+ 1000X12+1000 =28500 | 4000 | 24500 |
| 3 | ജെന്റിൽ കെ.ആർ (മാനസിക വെല്ലുവിളി) | അമൽ ജ്യോതി സ്പെഷ്യൽ സ്കൂൾ, പൈനാവ് | 1000x12+ 1500+2000+ 1000X12+1000 =28500 | 4000 | 24500 |
| 4 | അനന്ദു. എം.സി (മാനസികവെല്ലുവിളി-40%) | ഗവ. ഹൈസ്കൂൾ, ചെമ്പകപ്പാറ | 1000x12+ 1500+2000+ 1000X12+1000 =28500 | 3000 | 25500 |

ശാരീരിക മാനസിക വെല്ലുവിളികളാൽ സമൂഹത്തിൽ വേദനയും കഷ്ടതയും അനുഭവിക്കുന്ന കുട്ടികൾക്ക് സർക്കാർ ഉത്തരവ് പ്രകാരമുള്ള മുഴുവൻ ധനസഹായ തുകയും നൽകേണ്ടതാണ്. വരുംവർഷങ്ങളിൽ ഇത്തരം പദ്ധതികൾക്ക് ആവശ്യമായ തുക വകയിരുത്തി പദ്ധതി ആസൂത്രണം ചെയ്യുവാൻ ഭരണ സമിതിയും നിർവ്വഹണ ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക₹ | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 2017-18 | 450000 | പാലിയേറ്റിവ് കെയർ | 370000 | 80000 |
| ബ്ലോക്ക്പഞ്ചായത്ത് | 2017-18 | 1100000 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി | 510000 | 590000 |
| ബ്ലോക്ക്പഞ്ചായത്ത് | 2017-18 | 100000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 0 | 100000 |
| ബ്ലോക്ക്പഞ്ചായത്ത് | 2017-18 | 855000 | പാലിന് സബ്സിഡി | 855000 | 0 |
| ജില്ലാപഞ്ചായത്ത് | 2017-18 | 1200000 | പാലിന് സബ്സിഡി | 120000 | 0 |
| ജില്ലാപഞ്ചായത്ത് | 2017-18 | 80000 | മുട്ടക്കോഴി വിതരണം | 70167 | 9833 |

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരം

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. യു.റ്റി.ആർ. നം. | മുൻകൂർ നൽകിയ തുക ₹ | ചെലവഴിച്ച തുക ₹ | ചെലവഴിക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | സമ്പൂർണ്ണ വൈദ്യുതീകരണം | U000000303638882 | 408000 | 0 | 408000 |
| പൊതു മരാമത്ത് വകുപ്പ് | അംഗൻവാടി നിർമ്മാണം | 1620933/ 23.11.2017 | 580000 | 0 | 580000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ.

മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ ₹4,43,320/- വരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക ₹ | തൻവർഷം തിരിച്ചടച്ച തുക ₹ | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ജവഹർ ഭവന പദ്ധതി | 300607/D.B-1/15/L.S.G.D. 11/11/205 | 2800000 | 1960000 | 400000 | 94854 | 1980000 |
| ഇ.എം.എസ്. ഭവന പദ്ധതി | സ.ഉ.(സാ)നം.229/2010 ത.സ്വ.ഭ.വ. 21/01/2010 | 10489800 | 1046460 | 1048980 | 0 | 297480 |
| കെ.യു.ആർ.ഡി. എഫ്.സി. | സ.ഉ.(സാ)നം.372/15 ത.സ്വ.ഭ.വ. 05/02/2015 | 4898858 | 3083300 | 416029 | 510104 | 4713971 |

## 4-5 സ്ഥിര നിക്ഷേപം

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ഇല്ല |
| തൻവർഷം നിക്ഷേപിച്ച തുക(പലിശ) | |
| ആകെ | |
| തന്നാണ്ടിൽ പിൻവലിച്ച തുക | |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹105/-യുടെ ലഭ്യമായ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക ₹ | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തീയതി |
|---|---|---|---|---|
| ലഭ്യമല്ല | ലഭ്യമല്ല | 105 | എൻ. കെ.രവീന്ദ്രൻ | 117010100136/ 29.04.2017 |

റിപ്പോർട്ട് വർഷം, ഖണ്ഡിക എന്നിവ ലഭ്യമല്ല.

## 4-7 സമാഹൃത ഓഡിറ്റ്

സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ അവശേഷിക്കുന്നില്ല.

## 4-8 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ലഭ്യമായ വിവരങ്ങൾ മാത്രം ഉൾപ്പെടുത്തിയിരിക്കുന്നു.

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണവകുപ്പ് | സർചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ / തീയതി) | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാര ങ്ങളിൽ | | ആകെ ലഭിച്ച തുക | അവശേഷിക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) | (12) | (13) |
| 1 | 1996-97 | 31 | പി. എ. അന്നമ്മ സെക്രട്ടറി | എൽ.എഫ്.28315 സ്പെ.സെൽ/ എസ്.സി.2/99 തീ.12.2001. | 1600 | | | | | | 1600 | |
| 1 | 1997-98 | 20ബി. | കെ. കെ. ശശിധരൻ സെക്രട്ടറി | എൽ.എഫ്.22631/ സ്പെ.സെൽ/ എസ്.സി.2/2001 തീ.22.03.2002. | 1353 | | | | | | 1353 | |
| 2 | 1997-98 | 28 | കെ. കെ. ശശിധരൻ സെക്രട്ടറി | എൽ.എഫ്.22631/ സ്പെ.സെൽ/ എസ്.സി.2/2001 തീ.22.03.2002. | 1545 | | | | | | 1545 | |
| 3 | 2001-02 | 29 | കെ. കെ. ശശിധരൻ | എൽ.എഫ്.22631/ സ്പെ.സെൽ/ | 2472 | | | | | | 2472 | |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | സെക്രട്ടറി | എസ്.സി.2/2001<br>തീ.22.03.2002. | | | | | | | | |
| 4 | 2001-02 | 3(4) എ | ശ്രീ. ബേബി തോമസ്. | എൽ.എഫ്.16706/ സ്പെ.സെൽ/ എസ്.സി.2/2005<br>തീ.07.10.2006 | 16613 | | | | | | 16613 | |
| 5 | 2009-10 | 3-5 | ശ്രീ. പി. രാധാകൃഷ്ണൻ നായർ സെക്രട്ടറി. | എൽ.എഫ്.852/ സ്പെ.സെൽ/ സി.എസ്.സി. സി1./2014<br>തീ. 18.03.2016 | 73367 | | | | | | 73367 | |
| | 1997-98 | 25,27, 28,29 | ശ്രീ. ശശിധരൻ സെക്രട്ടറി | എൽ.എഫ്.22631/ സ്പെ.സെൽ/ സി.എസ്.സി. സി1/2001<br>തീ. 08.11.2002 | 4407 | | | | | | 4407 | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹6,00,80,203 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹6,00,81,983 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹1,250 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹3,254 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹2,86,913 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക ₹ | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 500 | - | ശ്രീ. കെ. എസ്. രാജീവ്, സെക്രട്ടറി |
| 2-2 | 750 | - | ₹250/- ശ്രീ. കെ. എസ്. രാജീവ്, സെക്രട്ടറി<br>₹500/- ശ്രീ. കെ. രാജു, സെക്രട്ടറി |
| 3-1 | - | 3254 | ശ്രീമതി. ശ്രീന എസ്. അസി.എഞ്ചിനീയർ |
| ആകെ | 1250 | 3254 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 3-3 | 53235 | ഡോ. ശ്രീപ്രിയ ജെ., മെഡിക്കൽ ഓഫീസർ പി.എച്ച്.സി |
| 3-5 | 90000 | ശ്രീമതി. വി. ടി. ഷീജ, വി.ഇ.ഒ. |
| 3-7 | 143678 | ശ്രീ. കെ. എസ്. രാജീവ്, സെക്രട്ടറി |
| ആകെ | 286913 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

– ഇല്ല –

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

– ഇല്ല –

(ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. കെ. എസ്. രാജീവ് സെക്രട്ടറി | സെക്രട്ടറി ഇരട്ടയാർ ഗ്രാമപഞ്ചായത്ത് | കുളത്തുങ്കൽ വീട് വലിയകണ്ടം കട്ടപ്പന പി. ഒ., ഇടുക്കി |
| ശ്രീ. കെ. രാജു സെക്രട്ടറി | മരണപ്പെട്ടു | ലാലിസദനം നെടുമൺകടവ് പി. ഒ. നെടുമൺകാവ് കൊല്ലം ജില്ല |
| ശ്രീമതി. ശ്രീന എസ്. അസി. എഞ്ചിനീയർ | എ. ഇ. അയ്യപ്പൻ അയ്യപ്പൻകോവിൽ ഗ്രാമപഞ്ചായത്ത് | കാട്ടുങ്കൽ വീട് ശാന്തി നഗർ കട്ടപ്പന സൌത്ത് പി. ഒ. |

(എഫ്) <u>റിപ്പോർട്ടിൽ പ്രതിപാദിക്കുന്ന നഷ്ടത്തിന്/തടസ്സപ്പെടുത്തിയതിന് ഉത്തരവാദികളുടെ പേരും മേൽവിലാസവും</u>

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. ശ്രീപ്രിയ ജെ. മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | - | അശ്വതി എം. ജി. റോഡ് ചാലക്കുടി റ്റി.എസ്.ആർ. 680307 |
| ശ്രീമതി. വി. ടി. ഷീജ വി.ഇ.ഒ. | വി.ഇ.ഒ. ഇരട്ടയാർ ഗ്രാമപഞ്ചായത്ത് | ഇടാട്ടുകുടിയിൽ വെള്ളക്കയം ഇടുക്കി കോളനി പി. ഒ. |
| ശ്രീ. കെ. എസ്. രാജീവ് | സെക്രട്ടറി ഇരട്ടയാർ ഗ്രാമപഞ്ചായത്ത് | കുളത്തുങ്കൽ വീട് വലിയകണ്ടം |

| | | |
|---|---|---|
| സെക്രട്ടറി | | കട്ടപ്പന പി. ഒ.<br>ഇടുക്കി |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

താഴെ കൊടുത്തിരിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാതെ അവശേഷിക്കുകയാണ്. തടസ്സങ്ങൾ പരിഹരിക്കുന്നതിന് സത്വരനടപടി സ്വീകരിക്കേണ്ടതാണ്.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്ക്സ് |
|---|---|---|---|
| 1990-91 | എൽ.എഫ്.ഐ-6/ 199/1993 തീ.26.03.1993 | | |
| 1995-96 | എൽ.എഫ്.ഐ-6/ 174//1999 തീ.30.04.1999 | | |
| 1996-97 | എൽ.എഫ്.ഐ-6/ 342/1993 തീ.31.05.1999 | 31 | |
| 1997-98 | എൽ.എഫ്.ഐ-6/ 74/1998 തീ.20.08.2000 | 1-20ബി, 1-28,1-29 | |
| 1998-99 | നം.കെ.എസ്.എ- ഐ.ഡി.കെ-9/ 302/2018 തീയതി 09.03.2018 | | നം.കെ.എസ്.എ- ഐ.ഡി.കെ-9/ 302/2018 തീയതി 9.3.2018 കത്ത് പ്രകാരം റിപ്പോർട്ട് തീർപ്പാക്കി |
| 19999-2000 | നം.കെ.എസ്.എ- ഐ.ഡി.കെ-9/ 302/2018 തീയതി 09.03.2018 | | നം.കെ.എസ്.എ- ഐ.ഡി.കെ-9/ 302/2018 തീയതി 9.3.2018 കത്ത് പ്രകാരം റിപ്പോർട്ട് തീർപ്പാക്കി |

| | | | |
|---|---|---|---|
| 2000-01 | നം.കെ.എസ്.എ-ഐ.ഡി.കെ-9/302/2018 തീയതി 09.03.2018 | | നം.കെ.എസ്.എ-ഐ.ഡി.കെ-9/302/2018 തീയതി 9.3.2018 കത്ത് പ്രകാരം റിപ്പോർട്ട് തീർപ്പാക്കി |
| 2001-02 | നം.കെ.എസ്.എ-ഐ.ഡി.കെ-9/302/2018 തീയതി 09.03.2018 | | നം.കെ.എസ്.എ-ഐ.ഡി.കെ-9/302/2018 തീയതി 9.3.2018 കത്ത് പ്രകാരം റിപ്പോർട്ട് തീർപ്പാക്കി |
| 2002-03 | നം.കെ.എസ്.എ-ഐ.ഡി.കെ-9/302/2018 തീയതി 09.03.2018 | | നം.കെ.എസ്.എ-ഐ.ഡി.കെ-9/302/2018 തീയതി 9.3.2018 കത്ത് പ്രകാരം റിപ്പോർട്ട് തീർപ്പാക്കി |
| 2003-04 | നം.കെ.എസ്.എ-ഐ.ഡി.കെ-9/302/2018 തീയതി 09.03.2018 | | നം.കെ.എസ്.എ-ഐ.ഡി.കെ-9 /302/2018 തീയതി 9.3.2018 കത്ത് പ്രകാരം റിപ്പോർട്ട് തീർപ്പാക്കി |
| 2004-05 | നം.കെ.എസ്.എ-ഐ.ഡി.കെ-9/302/2018 തീയതി09.03.2018 | | നം.കെ.എസ്.എ-ഐ.ഡി.കെ-9 /302/2018 തീയതി 9.3.2018 കത്ത് പ്രകാരം റിപ്പോർട്ട് തീർപ്പാക്കി |
| 2005-06 | നം.കെ.എസ്.എ-ഐ.ഡി.കെ-9/302/2018 തീയതി 09.03.2018 | | നം.കെ.എസ്.എ-ഐ.ഡി.കെ-9/302/2018 തീയതി 9.3.2018 കത്ത് പ്രകാരം റിപ്പോർട്ട് തീർപ്പാക്കി |
| 2006-07 | എൽ.എഫ്.ഐ-6/987/2009 തീ12.01.2010 | 3-1എ,ബി,3-2, 4-3,4-5 | |

| | | | |
|---|---|---|---|
| 2007-08 | എൽ.എഫ്.ഐ-9/ 376/2013 തീ.25.05.2011 | 2-1എ,ബി,സി,3-2, 3-3,3-4,4-3,4-5 | |
| 2008-09 | എൽ.എഫ്.ഐ-9/ 527/2013 തീ.25.06.2013 | 2-1,2-2,2-3,2-4, 2-5,2-6,3-2,3-3,3-4, 3-5,3-6,3-8,4-3 | |
| 2009-10 | എൽ.എഫ്.ഐ-9/ 1237/2017 തീ.05.10.2017 | 2-1,3-1,3-2,3-3, 3-4,3-5,3-6,3-7, 3-8,3-9,3-10, എ,ബി1,2, 3-11,3-12 | |
| 2010-11 | എൽ.എഫ്.ഐ-9/ 1436/2013 തീ.07.01.2014 | 3-1,3-2,3-3എ,ബി, 3-4,3-5,3-63-7, 3-8,3-9,3-10 | |
| 2011-12 | എൽ.എഫ്.ഐ-9/ 1238/2015 തീ.11.12.2015 | 2-1,2-2,3-1,3-3, 3-43-5എ,3-6 | |
| 2012-13 | എൽ.എഫ്.ഐ-9/ 353/2015 തീ.10.06.2015 | 3-1,3-2,4-1 | |
| 2013-14 | എൽ.എഫ്.ഐ-9/ 1143/2015 തീ.18.02.2016 | 2-1,3-1,3-3 | |
| 2014-15 | എൽ.എഫ്.ഐ-9/ 674/2016 തീ.05.10.2016 | 2-2,3-1,3-2, 3-3,3-4 | |
| 2015-16 | നം.കെ.എസ്.എ-ഐ.ഡി.കെ-9/ 323/2017 തീയതി 05.04.2017 | 2-1,2-2,2-3,2-4, 2-5,3-2,3-3, 3-4,3-5,3-6.3-7 | |
| 2016-17 | നം.കെ.എസ്.എ-ഐ.ഡി.കെ-9/ 1315/2017 | 1-12,2-1,2-2, 3-1,3-23-4,3-5 | |

| | | | |
|---|---|---|---|
| | തീയതി 03.10.2017 | | |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം - 1

## ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ.ഐ.ഡി.കെ.-9/1228/18.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

ഇടുക്കി, തൊടുപുഴ

*ഇ-മെയിൽ : doidk.ksad@kerala.gov.in*

തീയതി. 12.11.2018

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(6)/2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018ലെ (സാധാ)1413/2018/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ഇരട്ടയാർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ഇടുക്കി